(സി) ഉണ്ട്.

(ഡി) 5,800 മെഡിക്കൽ ഉദ്യോഗസ്ഥർ, 2,000 നഴ്സുമാർ 1,000 ആക്സിലറി നഴ്സ് മിഡ് വൈഫുമാർ. മറ്റ് വിഭാഗം ജീവനക്കാരുടെ കണക്കുകൾ ഇപ്പോൾ കൈവശമില്ല.

ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഗ്രഡേഷൻ ലിസ്റ്റ്

1339 [2157] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ;

ശ്രീ. കെ. പി. വിശ്വനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവീസസ് ഡിപ്പാർട്ടുമെന്റിൽനിന്നും അടുത്ത കാലത്തു പരസ്യപ്പെടുത്തിയ ഗ്രഡേഷൻ ലിസ്റ്റിൽ മലേറിയാ വിഭാഗത്തിൽ പെട്ട ഫീൽഡ് അസിസ്റ്റന്റുമാരെ ഉൾപ്പെടുത്തിയിട്ടില്ലെന്നു ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള അലോട്ടഡ് ഫീൽഡ് സ്റ്റാഫ് അസോസിയേഷനിൽ നിന്നും ഇത്തരം ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 1-4-1964-ലെ സ്റ്റാഫിന്റെ നിലവെച്ചുകൊണ്ടാണ് ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുതലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് ഫീൽഡ് അസിസ്റ്റന്റുമാരുടെ ലിസ്റ്റ് ചേർത്തിട്ടുണ്ട്. 1967-ൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രമോഷൻ ലഭിച്ചവരെപ്പറ്റിയുള്ള വിവരങ്ങൾ 1-4-1964-ന് ശേഷം തയ്യാറാക്കുന്ന രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്.

കേരളാ സ്റ്റേറ്റ് എം. സി. എച്ച്. ഹെൽത്ത് വിസിറ്റേഴ്സ്

1340 [2159] ശ്രീ. പി. പി. എസ് തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് എം. സി. എച്ച്. ഹെൽത്ത് വിസിറ്റേഴ്സിന് ഒരു ഹ്രസ്വകാല ട്രെയിനിംഗ് നൽകി അവരെ പബ്ലിക് ഹെൽത്ത് നഴ്സുമാരായി നിയമിക്കുന്നതിന് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ എത്രപേർ ആണെന്നും അവർക്ക് ട്രെയിനിംഗ് നൽകുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) അവരിൽ 45 വയസ്സിനു മുകളിലുള്ളവർക്ക് ട്രെയിനിംഗ് കാലാവധിയിൽ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലത്തേയ്ക്ക്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ട്രെയിനിംഗ് കഴിഞ്ഞവരുണ്ടെങ്കിൽ അവരെ പബ്ലിക് സെക്ടറിൽ നഴ്സുമാരായി നിയമിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്നത്തേക്ക് അവരെ നിയമിക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ;

(എഫ്) ഇക്കാര്യത്തിൽ എം. സി. എച്ച്. ഹെൽത്ത് വിസിറ്റർമാരിൽ നിന്നു വല്ല നിവേദനവും ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 208 ആളുകൾ ഉണ്ട്. കുറെപേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്ക് പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്. 45 വയസ്സിൽ കുറവുള്ളവർക്ക് ആറുമാസവും 45 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്ക് ഒരു മാസവും ആണ് പരിശീലനകാലം. അങ്ങനെ 45 വയസ്സിൽ കൂടുതൽ പ്രായമുള്ളവർക്ക് 5 മാസത്തെ ഇളവുനൽകിയിട്ടുണ്ട്.

(ഡി), (ഇ) 1979-ലെ പൊതു സ്ഥലമാറ്റം നടന്നതിനു ശേഷം ഉള്ളതായ ഒഴിവുകളിൽ അവരെ നിയമിക്കുന്നതിന് നടപടി എടുക്കുന്നുണ്ട്.

(എഫ്) ഇല്ല.

നിയമ വിരുദ്ധമായി സ്ഥലം മാറിയതായി പരാതി

1341 [2160] ശ്രീ. റ്റി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. ആർ. റ്റി. 1920/77 എച്ച്. ഡി ക്ലാസ് (20)-നു വിരുദ്ധമായി സ്വംസ്ഥാനത്ത് ഏതെങ്കിലും ഡോക്ടറെ സ്ഥലം മാറിയിട്ടുണ്ടോ;

(ബി) എറണാകുളത്തെ ഡോക്ടർ ഇ. ടി. കുര്യാക്കോസിന്റെ ട്രാൻസ്ഫർ ഇതിനു വിരുദ്ധമായിട്ടാണെന്ന് അറിയുന്നതു ശരിയാണോ;

(സി) എങ്കിൽ ഇതിനുള്ള കാരണം എന്താണ്?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മുകുന്ദപുരം താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി

1342 [2162] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തിക്കുന്ന മുകുന്ദപുരം താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഏതെങ്കിലും നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly